This Question Paper consists of 30 questions and 5 printed pages.
ഈ ചോദ്യപേപ്പറിൽ 30 ചോദ്യങ്ങളും, 5 അച്ചടിച്ച പുറങ്ങളും ഉണ്ട്.

| Roll No. റോൾ നമ്പർ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|

Code No. കോഡ് നമ്പർ **52/AS/4**

Set **A**

# MALAYALAM
# മലയാളം
# (232)

Day and Date of Examination ________________
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ________________
(മേൽനോട്ടക്കാരന്റെ ഒപ്പ്)

2. ________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **52/AS/4-A** എഴുതേണ്ടതാണ്.

# MALAYALAM

# മലയാളം

# (232)

**സമയം : 3 മണിക്കൂർ** | **മാർക്ക് : 100**

---

**നിർദ്ദേശങ്ങൾ :**

(i) **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(ii) **ഒന്നു** മുതൽ **പതിനൊന്നു** വരെ ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് **ശരിയായ** ഉത്തരം തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

---

**1.** സർക്കസ്സിൽ കാണികളെ ചിരിപ്പിക്കുന്നതാരാണ് ? **11x1=11**

(A) ട്രപ്പീസുകളിക്കാർ (B) ക്ലൗൺ

(C) സ്ത്രീകൾ (D) ജാനമ്മ

**2.** പഠാണികളുടെ ജനകീയ നൃത്തത്തിന് ഏതിനോടാണ് സാദൃശ്യം ?

(A) പഞ്ചാബി നൃത്തം (B) കാശ്മീരി നൃത്തം

(C) കസാക്ക് നൃത്തം (D) അഫ്ഗാൻ നൃത്തം

**3.** താഴെപ്പറയുന്നതിൽ അർത്ഥവ്യത്യാസമുള്ള പദം ഏത് ?

(A) ദശമുഖൻ (B) ദശാനനൻ

(C) ദശവക്ത്രൻ (D) ദശകന്ധരൻ

**4.** ശ്രീനാരായണഗുരുവിന്റെ അഭിപ്രായത്തിൽ മനസ്സിനെ ലഹരിപിടിപ്പിക്കുന്ന മനോഭാവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏത് ?

(A) മതാന്ധത (B) കള്ള് ഉണ്ടാക്കുന്നത്

(C) കള്ള് കുടിക്കുന്നത് (D) ധനഭ്രമം

5. 'മിഥ്യാ വലയിത സത്യോപമ രുചി' -ഇവിടെ കവി മിഥ്യയായി കല്പിക്കുന്നത് എന്തിനെയാണ് ?

(A) ഈറൻ തുകിൽ (B) പൊന്നല (C) തവഗാത്രം (D) രുചി

6. താഴെക്കൊടുത്തിരിക്കുന്നതിൽ വ്യത്യസ്തമായത് ഏത് ?

(A) ലഘുവായ - ലഘു + ആയ

(B) നെന്മണി - നെൽ + മണി

(C) കുറിയിട്ടു - കുറി + ഇട്ടു

(D) കലയാണ് - കല + ആണ്

7. കവിയുടെ അഭിപ്രായത്തിൽ മരം മാറിലണിയുന്നത് എന്ത് ?

(A) പൂക്കൾ (B) കുളിർ (C) മഴുപ്പാട് (D) തളിർ

8. 'താൻ കിടപ്പിലായാൽ കുട്ടികൾക്കിനി ആരാണുള്ളത് ' എന്ന് കഥാനായകൻ ചിന്തിക്കാൻ കാരണമെന്ത് ?

(A) തന്റെ അസുഖം (B) ഭാര്യയുടെ രോഗം

(C) ഭാര്യയുടെ മരണം (D) കുടുംബത്തിലെ ബുദ്ധിമുട്ടുകൾ

9. അർണോജന്റെ മുമ്പിൽവന്ന് സീത ആദ്യമായി ചെയ്തതെന്താണ് ?

(A) വരണമാല്യമണിയിച്ചു (B) വന്ദിച്ചു

(C) ലജ്ജിച്ചു കുനിഞ്ഞു നിന്നു (D) നേത്രോല്പലമാല അണിയിച്ചു

10. 'ലോലമോഹനം' എന്നത് എന്തിന്റെ വിശേഷണമായാണ് കവി പ്രയോഗിച്ചിരിക്കുന്നത് ?

(A) തങ്കപ്പങ്കജം (B) വലംകാൽ

(C) തുടക്കാമ്പ് (D) കണംകാൽ

11. ലേഖകന് പപ്പടം ചുടുന്നതുപോലെ അനുഭവപ്പെട്ട മണം എന്തായിരുന്നു ?

(A) പാമ്പിന്റെ വായ്നാറ്റം (B) ക്ഷേത്ര നൈവേദ്യം

(C) പച്ച നെൽപ്പാടം (D) അരിമാവുകൊണ്ടുള്ള അപ്പങ്ങൾ

12. അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.

(i) ഉഴിഞ്ഞു വയ്ക്കുക. 2

(ii) കാൽക്കീഴിൽ 2

13. മജിസ്രേട്ട് പരബ്രഹ്മയ്യരെ കുതിരവട്ടത്തേക്ക് അയച്ചത് എന്തുകൊണ്ട് ? 2

14. ''കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞിപോലൊരു 2
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി''
ഇതിലെ അലങ്കാരമെന്ത് ?

15. 'നെല്ലുപുഴുങ്ങീല, തെല്ലുമുണങ്ങീല' - ഈ വരിയിൽ പ്രകടമാകുന്ന ഭാവം എന്ത് ? 2

16. മലയാളഭാഷയ്ക്കും മാതാവിനും ഏതെല്ലാം കാര്യങ്ങളിലാണ് സമാനതയുള്ളത് ? 3

17. അച്ഛനോടുള്ള പ്രതികാരാവേശം വി. ടി. എങ്ങനെയാണ് പ്രകടമാക്കിയിരുന്നത് ? 3

18. കവിയുടെ മനസ്സിനെ സ്ഫടികപ്പാത്രം പോലെ തകർത്തുകളഞ്ഞ കാഴ്ച ഏത് ? 3

19. ''അമ്മ നട്ടുനനച്ചുണ്ടാക്കിയ പനിനീർച്ചെടിയിൽ ഇതുവരെ പൂവുണ്ടായില്ല'' എന്നതിലെ സൂചനയെന്ത് ? 3

20. കുഞ്ഞുണ്ണിക്കവിതകളുടെ പ്രത്യേകതകൾ എന്തെല്ലാം ? 3

21. മനസ്വിനി എന്ന കവിതയിൽ ദിവ്യമായ അഴകിനെ വർണിക്കാൻ തുടങ്ങിയപ്പോൾ കവിക്കുണ്ടായ അനുഭവം എന്ത് ? 4

22. ഔപചാരികവും അനൗപചാരികവുമായ കത്തുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ? ഞഞ 4

23. വാസവദത്തയുടെ മുഖകാന്തി വർണിച്ചിരിക്കുന്നത് സ്വന്തം വാക്യത്തിലെഴുതുക. 4

24. കേരളത്തിലെ സുന്ദരകലകളിൽ ആട്ടത്തിനുള്ള പ്രത്യേകത എന്ത് ? 5

25. 'പെങ്ങൾ' എന്ന പേര് ആ പാഠഭാഗത്തിന് എത്രമാത്രം അനുയോജ്യമാണ് ? 5

26. ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

''അവനവനാത്മ സുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം''

27. നമ്മുടെ മുതുമുത്തച്ഛന്മാരെക്കുറിച്ചുള്ള പ്രധാന കണ്ടുപിടിത്തങ്ങൾ എന്തെല്ലാം ? 5

28. താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗത്തിന് ഒരു പരാവർത്തനം തയ്യാറാക്കുക. 10

കവിതേ, പച്ചച്ചിറകുള്ള നീ മഴവില്ലിൻ
കഴുത്തുമായിട്ടൊറ്റയ്ക്കിവിടെപ്പറന്നെത്തി
കാഞ്ഞിരക്കൊമ്പത്തത്രേ വന്നിരുന്നതു കിളി
കാരുണ്യാമൃതഗംഗ ചോരുന്ന കണ്ഠത്തോടെ

29. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക. 10

എല്ലാത്തരം ഐതിഹ്യങ്ങളിലും ചരിത്രത്തിന്റെ ശകലം ഒളിഞ്ഞുകിടക്കുന്നുണ്ടാകുമെങ്കിലും അവയിൽ തൊണ്ണൂറു ശതമാനവും വക്താക്കളുടെ പരമ്പരാഗതമായ മനോധർമ്മം വികസിച്ചു പെരുകിയതാണെന്നുള്ളതിനു സംശയമില്ല. ശ്രോതാക്കളുടെ രസത്തിനുവേണ്ടി കൂട്ടിച്ചേർത്തതാണ് ഈ കല്പിതാംശം. മനുഷ്യർ പ്രകൃത്യാതന്നെ അതിശയോക്തിപ്രിയരാണല്ലോ. വാസ്തവത്തിൽ നടന്ന ഒരു സംഭവത്തെപ്പറ്റി ഒരാൾ മറ്റൊരാളോട് പറയുമ്പോൾ അയാൾ അറിയാതെതന്നെ അതിൽ അതിശയോക്തി കടന്നുകൂടുന്നു. ഈ സ്വഭാവവിശേഷം തലമുറതലമുറയായി തുടർന്ന് പ്രവർത്തിച്ചതിന്റെ ഫലമായിട്ടായിരിക്കും ഇപ്പോഴത്തെ ഐതിഹ്യങ്ങളിൽ ഇത്രയുമധികം കല്പിതാംശം ഉണ്ടായിത്തീർന്നത്. കെട്ടുകഥകളെന്നോ അത്ഭുതകഥകളെന്നോ പറയാവുന്ന ഈ വക ഐതിഹ്യങ്ങൾക്ക് ചരിത്രത്തിന്റെ വില കല്പിക്കുന്നത് അയുക്തമെന്നു മാത്രമല്ല ആപത്ക്കരവുമാണ്. സത്യാവസ്ഥ കാണിക്കാതിരിക്കുന്നതിനു പുറമെ അസത്യത്തിൽ വിശ്വസിക്കുന്നതിനും അതു പ്രേരകമാകും.

30. താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഉപന്യസിക്കുക. 12

(i) മാതൃഭാഷ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം.
(ii) വിദ്യാഭ്യാസവും മാധ്യമങ്ങളും.
(iii) വിദ്യാഭ്യാസത്തിൽ വായനശാലകളുടെ പങ്ക്.

- o O o -